(സി) കൂടിക്കാഴ്ചയിൽ ടെണ്ടർ സംബന്ധമായി നൽകിയിട്ടുള്ള കരട് കൺസഷൻ കരാറിലെ വ്യവസ്ഥകളെപ്പറ്റി സംസാരിക്കുകയോ എന്തെങ്കിലും ധാരണയിൽ എത്തുകയോ ചെയ്തിട്ടില്ല. ബിഡ്ഡിൽ പങ്കെടുക്കാൻ ആരും താൽപ്പര്യം പ്രകടിപ്പിക്കാത്ത സാഹചര്യത്തിൽ യോഗ്യത നേടിയ കമ്പനികളെ ബിഡ്ഡിൽ പങ്കെടുപ്പിക്കുന്നതിനുള്ള താല്പര്യം ജനിപ്പിക്കുക മാത്രമായിരുന്നു ചെയ്തത്.

വെട്ടിക്കുറച്ച തസ്തികകൾ

37 (2853) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ വകുപ്പിലും വെട്ടിക്കുറച്ച തസ്തികകൾ എത്രയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കുറവ് ചെയ്യേണ്ടതായി കണ്ട, ഒറ്റപ്പെട്ട തസ്തികകൾ ചില വകുപ്പുകളിൽ വെട്ടിക്കുറച്ചിട്ടുണ്ട്. വിശദമായ വിവരം ശേഖരിച്ചുവരുന്നു.

ഹെലികോപ്റ്റർ യാത്രാചെലവ്

38 (2854) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർക്കും മറ്റും ഹെലിക്കോപ്റ്റർ യാത്രയിനത്തിൽ ഖജനാവിൽനിന്ന് ആകെ എത്ര തുക ചെലവാക്കിയിട്ടുണ്ട് ; വിവരിക്കുമോ ;

(ബി) മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും ഓരോ വർഷവും (2011-2015) ചെലവാക്കിയ തുകയും മന്ത്രിമാരുടെ പേരുവിവരവും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർക്കും മറ്റും ഹെലികോപ്റ്റർ യാത്രയിനത്തിൽ ഇതുവരെ ഖജനാവിൽ നിന്ന് ചെലവ് ഒന്നും വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly